ശ്രീ. കെ. കുഞ്ഞമ്പു: ഈ മിഡ്‌വൈഫ്‌സിന്റെ മിനിമം കപ്പാസിറ്റി ക്വോട്ടേഷൻ എത്രയാണ്‌.

ഡാക്ടർ എ. ആർ. മേനോൻ: സ്സ്കൂൾഫൈനൽ പാസ്സാകണം. അല്ലെങ്കിൽ അതുവരെ പഠിച്ചിരിക്കണം. രണ്ടുകൊല്ലത്തെ കോഴ്സാണ്‌.

തീരദേശ ശുദ്ധജലവിതരണ പദ്ധതി.

* 1648. [18] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്‌ ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പുവെള്ളം മാത്രം കിട്ടുന്ന തീരദേശതാലൂക്കുകളിൽ ശുദ്ധജല വിതരണത്തിനു് ഈ ഗവണ്മെന്റ്‌ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, ചേർത്തല, ചെറായി, മുനമ്പം, കൊടുങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഇപ്പോഴും തീരദേശവാസികൾക്കും ശുദ്ധജലം കിട്ടാതെ വിഷമിക്കുന്നതായി അറിയാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽനിന്നു് ഗവണ്മെന്റിലേക്കു്, കുഴൽക്കിണറുകൾ സ്ഥാപിക്കണമെന്നു് കാണിച്ചു് എത്ര നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്;

(ഡി) ഇതിന്മേൽ എന്തു തീരുമാനം എടുത്തു?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) കുഴൽക്കിണറുകൾ കുഴിപ്പിക്കുക, ചെറിയ ജലവിതരണപദ്ധതികൾ നടപ്പാക്കുക, മുതലായ പദ്ധതികൾ ഡിസ്ട്രിക്ട്‌ ഡെവലപ്പ്മെന്റ്‌ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ഗവണ്മെന്റ്‌ അംഗീകരിച്ചിട്ടുണ്ടു്.

(ബി) അറിയാം.

(സി) എത്രയെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ല.

(ഡി) എ-യിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. സ്വീകരിച്ചു വരുന്നതുമാണു്.

ശ്രീ. ആർ. സുഗതൻ: ഈ അക്ഷപറൻസ്‌ കമ്മിറ്റിറിപ്പോർട്ടിൽ 'നോ' എന്നെഴുതിയിരിക്കുന്നതെന്തുകൊണ്ടാണു്?

ഡാക്ടർ എ. ആർ. മേനോൻ: ചെയ്ത പ്രവൃത്തിയൊക്കെ ഫെയിലായിപ്പോയി. കുഴിക്കുന്ന കിണറുകളിലെല്ലാം ഉപ്പുവെള്ളമാണു്. വെള്ളം ചീത്തയായിപ്പോയാൽ എന്തു ചെയ്യാൻ ആണു്. ഗവണ്മെന്റ്‌ സഹകര്യംചെയ്തുകൊടുക്കുന്നതിനുവേണ്ടി പ്രവർത്തിച്ചു. പക്ഷെ ഫെയിലായിപ്പോയതുകൊണ്ടു് സത്യം എഴുതി.

ശ്രീ. ആർ. സുഗതൻ: ഈയിടെ ആലപ്പുഴ ഡിസ്ട്രിക്ട്‌ ഡവലപ്പ്മെന്റ്‌ കമ്മിറ്റിയുടെ തീരുമാനപ്രകാരം രണ്ടു കുഴൽ കിണറുകൾ കുഴിപ്പിക്കാൻ നടപടികളെടുക്കുകയും അതിൽ ഒന്നു് കുമാരപുരത്തു് താഴ്ത്തിയതിനുശേഷം മെഷിൻ കരുനാഗപ്പള്ളിയിലേക്കു് കൊണ്ടുപോകുകയും ചെയ്തതിന്റെ കാരണമെന്താണെന്നു് പറയാമോ?

ഡാക്ടർ എ. ആർ. മേനോൻ: അറിവില്ല. അന്വേഷിച്ചു് പറയാം.

LIBRARY ARCHIVES Kerala Legislative Assembly